"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

**സാമൂഹ്യനീതി വകുപ്പ് - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തര ഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്നതിന് "കരുതൽ" എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു**

---

**സാമൂഹ്യനീതി (എ) വകുപ്പ്**

G.O.(Rt)No.11/2022/SJD തീയതി,തിരുവനന്തപുരം, 18/01/2022

---

പരാമർശം:- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 14/10/2021 തീയതിയിലെ SJD/3814/2021-PO(C) നം കത്ത്

2. 9 .12 .2021 - ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

<u>ഉത്തരവ്</u>

അടിയന്തര സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന നിരാലംബരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തര സഹായം ലഭ്യമാക്കുക ലിംഗമാറ്റ ശസ്ത്രക്രിയക്ക് ശേഷം സംഭവിക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ടി വ്യക്തികൾക്ക് സഹായം ലഭ്യമാക്കുക അസ്തിത്വത്തിന്റെ പേരിൽ വീടുകളിൽ നിന്നും പുറത്താക്കപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് എത്തിക്കുന്നതിനും വൈദ്യ സഹായം, നിയമസഹായം, കൗൺസിലിംഗ് എന്നിവ ആവശ്യമാകുന്ന പക്ഷം ആയത് അനുവദിക്കുക, പെട്ടെന്നുണ്ടാകുന്ന അപകടങ്ങൾ, ഗുരുതര രോഗങ്ങൾ , പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ പ്രതിസന്ധികൾ നേരിടേണ്ടി വരുമ്പോൾ ആയവയ്ക്ക് പരിഹാരം കണ്ടെത്തുക തുടങ്ങിയവക്കായി "കരുതൽ" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാവുന്നതാണെന്നും ടി പദ്ധതി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാന് ആയുള്ള ഒരു ഉപദേശക സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കാവുന്നതാണെന്നും ആയത്തിലേക്ക് ഒരു ജില്ലക്ക് 1 ലക്ഷം രൂപ വീതം 14 ജില്ലകൾക്ക് 14,00,000 രൂപ ( പതിനാല് ലക്ഷം രൂപ ) ആവശ്യമായി വരുമെന്നും ആയതിനാൽ ടി പദ്ധതിയുടെ നടത്തിപ്പിനായി ഭരണാനുമതിയും ആയതിലേക്കാവശ്യമായ 14 ലക്ഷം രൂപ നടപ്പ് വർഷത്തെ 2235-60-200-64 (P) ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2)സാമൂഹ്യനീതി ഡയറക്ടറുടെ പ്രൊപോസൽ 09/12/2021 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇനം 8 ആയി പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ "കരുതൽ" എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതിയും പദ്ധതിയുടെ നടത്തിപ്പിലേക്ക് ആവശ്യമായ 14 ലക്ഷം രൂപ ( പതിനാല് ലക്ഷം രൂപ ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-64 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു. "കരുതൽ" പദ്ധതിയുടെ

**File No.SJD-A3/9/2022-SJD**

I/5146225/2022

മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sreekala S
Joint Secretary

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
സാമൂഹ്യനീതി (സി) വകുപ്പ്.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

I/5178619/2022

## അനുബന്ധം

## ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നൽകുന്ന 'കരുതൽ ' പദ്ധതി

### ആമുഖം

ട്രാൻസ്ജെൻഡർ വ്യക്തികൾ ഭൂരിഭാഗം പേരും സ്വന്തം കുടുംബങ്ങളിൽ നിന്ന് ഒറ്റപ്പെട്ട് കഴിയുന്നവരും നിരാലംബരായ സാഹചര്യത്തിൽ ജീവിതം നയിക്കുന്നവരും ആണ്. 2015 ൽ ട്രാൻസ്ജെൻഡർ നയം രൂപീകരിയ്ക്കുന്നതിനു മുന്നോടിയായി സംസ്ഥാനത്ത് നടപ്പിലാക്കിയ സർവ്വേയുടെ അടിസ്ഥാനത്തിൽ, കേരളത്തിലെ 5 1 ശതമാനത്തോളം വരുന്ന ട്രാൻസ്ജെൻഡർ വ്യക്തികളും സ്വന്തം കുടുംബങ്ങളിൽ നിന്ന് അസ്തിത്വത്തിന്റെ പേരിൽ പുറത്താക്കപ്പെട്ടവരാണ് എന്ന് വ്യക്തമായിട്ടുണ്ട്. ഇത്തരം വ്യക്തികൾ ദൈനംദിനജീവിതത്തിൽ നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായും, ഹോർമോൺ ചികിത്സകൾ തുടർന്നു വരുന്ന സാഹചര്യത്തിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത്തരം വ്യക്തികൾ വിധേയരാകുന്നുണ്ട്. ശസ്ത്രക്രിയയിലെ പിഴവുകൾ മൂലം സംഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയാതെ നിരവധി ആത്മഹത്യകൾ സംസ്ഥാനത്ത് സംഭവിക്കുകയും പൊതുജന ശ്രദ്ധയിൽപ്പെടുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിനു ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് അനിവാര്യമാണ്.

മേൽ സാഹചര്യത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന്റെ ഭാഗമായി .. കരുതൽ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാവുന്നതാണ്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### ഉദ്ദേശ്യലക്ഷ്യങ്ങൾ

1 . അടിയന്തര സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന നിരാലംബരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ടി പദ്ധതി വഴി സഹായം ലഭ്യമാക്കുക.

2 . ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം സംഭവിക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ടി വ്യക്തികൾക്ക് അടിയന്തര സഹായം ലഭ്യമാക്കുക.

3. അസ്തിത്വത്തിന്റെ പേരിൽ വീടുകളിൽ നിന്നും പുറത്താക്കപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികളെ സുരക്ഷിതസ്ഥാനങ്ങളിലേക്ക് എത്തിക്കുന്നതിനും വൈദ്യസഹായം, നിയമ സഹായം, കൗൺസലിങ് എന്നിവ ആവശ്യമാകുന്ന പക്ഷം ആയത് അനുവദിക്കുക.

4. പെട്ടെന്നുണ്ടാകുന്ന അപകടങ്ങൾ, ഗുരുതര രോഗങ്ങൾ, പ്രകൃതിദുരന്തം തുടങ്ങിയ പ്രതിസന്ധികൾ നേരിടേണ്ടി വരുമ്പോൾ അയവയ്ക്ക് പരിഹാരം കണ്ടെത്തുക

5, പൊതു സമൂഹത്തിൽ നിന്ന് ഇവർക്ക് നേരെയുണ്ടാകുന്ന ആക്രമണങ്ങൾ അപമാനം എന്നിവയ്ക്ക് പരിഹാരം. കണ്ടെത്തുക

### രീതിശാസ്ത്രം

കരുതൽ പദ്ധതി നടപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും ചുവടെ ചേർത്തിട്ടുള്ള പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്.

- ജില്ലാ കളക്ടർ/ പ്രതിനിധി- ചെയർമാൻ
- ജില്ലാ സാമൂഹ്യനീതി ഓഫീസർ- കൺവീനർ
- ജില്ലാ മെഡിക്കൽ ഓഫീസർ/ പ്രതിനിധി- മെമ്പർ
- ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ Dy.SP) - പ്രതിനിധി
- ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ കൌൺസിലർ - മെമ്പർ
- ഡെൽസാ പ്രതിനിധി- മെമ്പർ
- 2 ട്രാൻസ്ജെൻഡർ പ്രതിനിധികൾ - മെമ്പർ

അടിയന്തിര സാഹചര്യം ഉണ്ടാകുന്ന പക്ഷം പ്രസ്തുത വിവരം ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസറെ അറിയിക്കുന്നതിന് ട്രാൻസ് ജെൻഡർ പ്രതിനിധികൾ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത സമിതിയുടെ തീരുമാനങ്ങൾക്ക് വിധേയമായി ടി പദ്ധതിയായി വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. സമിതി യോഗത്തിൽ ട്രാൻസ്ജെൻഡർ പ്രതിനിധികളെക്കൂടാതെ കുറഞ്ഞത് 3 പേരുടെയെങ്കിലും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക അതാതു ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ പേരിൽ മുൻകൂറായി അനുവദിച്ച നല്കാവുന്നതാണ്.

<u>പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ</u>

1. ട്രാൻസ്ജെൻഡർ സർട്ടിഫിക്കറ്റ് / ട്രാൻസ്ജെൻഡർ ID കാർഡ് ഉള്ള എല്ലാ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും പ്രസ്തുത സേവനം ലഭ്യമാക്കേണ്ടതാണ്.

2. അടിയന്തര സാഹചര്യത്തിൽ നൽകുന്ന സേവനം ആയതിനാൽ ദാരിദ്ര്യരേഖ പരിധി, റേഷൻ കാർഡ്, മറ്റു മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവ് ഒഴിവാക്കേണ്ടതാണ്.

3. അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം, നിയമ സഹായം തുടങ്ങിയ കാര്യങ്ങൾക്ക് ഉപദേശകസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക വിനിയോഗിക്കാവുന്നതാണ്. പിന്നീട് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

4. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം സംഭവിക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്ന അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ ഉറപ്പാക്കുന്നതിനായി പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്.

5. നിരാലംബരായ സാഹചര്യത്തിലോ, മറ്റു ക്രൈസിസുകൾ മുഖേനയോ വരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സുരക്ഷിതമായി കെയർ ഹോമുകൾ/ ഷെൽറ്റർ ഹോമുകളിൽ എത്തിക്കുന്നതിനും

അതിനു മുൻപ് ഉള്ള മെഡിക്കൽ പരിശോധനയ്ക്കും, ഭക്ഷണത്തിനും, വസ്ത്രത്തിനും പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്.

6. പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് അടിയന്തര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിന് വിനിയോഗിക്കാവുന്നതാണ്.

7. ആസിഡ് ആക്രമണം, മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.

8. ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് ജീവനോ സ്വത്തിനോ അപകടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര പരിരക്ഷ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

9 . വളരെ അത്യാവശ്യഘട്ടങ്ങളിൽ വ്യവസ്ഥകൾ കൂടാതെയുള്ള അനാഥരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിരാവശ്യങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായോ മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്.

10 . ആകെ ആവശ്യമാകുന്ന തുകയിൽ 25,000 /- രൂപവരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് ഉപദേശക സമിതിയുടെ അനുമതി ലഭ്യമാക്കാതെ തന്നെ ചെലവാക്കാവുന്നതാണ്. പിന്നീട് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1 1 . പരിചാരകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

<u>സാമ്പത്തിക വിശകലനം</u>

അടിയന്തര സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമാണ്. ആയത് ഉറപ്പാക്കുന്ന തരത്തിൽ ' കരുതൽ' എന്ന പേരിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

പദ്ധതിയ്ക്കായുള്ള തുക ജില്ല സാമൂഹ്യ നീതി ഓഫീസറുടെ പേരിൽ അനുവദിച്ച് നൽകാവുന്നതാണ്.

1 ജില്ലയ്ക്ക് അനുവദിച്ച് നൽകുന്നതിന് ആവശ്യമായ തുക - **1,00,000/-** രൂപ

14 ജില്ലകൾക്ക് അനുവദിച്ച് നൽകുന്നതിന് ആവശ്യമായ തുക 1,00,000* 14 = **14,00,000/-** രൂപ
**(പതിനാല് ലക്ഷം രൂപ മാത്രം)**